**File No.LSGD-FM2/90/2020-LSGD**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നെടുമങ്ങാട് ,നെയ്യാറ്റിൻകര ആശുപത്രി -എച്ച് എം സി ജീവനക്കാർ, കാസ്പ് ജീവനക്കാർ -എന്നിവർക്ക് വേതനം-തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.940/2020/ത.സ്വ.ഭ.വ** | **തിരുവനന്തപുരം, തീയതി, 21/05/2020**

പരാമർശം:- തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച 07/05/2020 ലെ E3/1858/20/TDP നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന നെടുമങ്ങാട് ജില്ലാ ആശുപത്രിയിലെയും നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെയും എച്ച് എം സി ജീവനക്കാർക്കും വിവിധ തസ്തികകളിൽ വരുന്ന കാസ്പ് ജീവനക്കാർക്കും കോവിഡ് 19 -ന്റെ പശ്ചാത്തലത്തിലുള്ള ലോക്ക് ഡൗൺ മൂലം എച്ച് എം സി വരുമാനം ഇല്ലാതെ വന്നതിനാൽ മെയ് മാസം മുതൽ വേതനം നല്കാൻ സാധിക്കാത്ത സാഹചര്യമാണെന്നും, മെഡിസിൻ ഉൾപ്പെടെയുള്ള ബില്ലുകൾ നൽകുവാൻ കഴിയുന്നില്ലായെന്നും, ഇതിലേക്ക് 8 0 ലക്ഷം രൂപ ആവശ്യമാണെന്നും, ജില്ലാ പഞ്ചായത്തിൻെറ 21/04/2020 ൽ കൂടിയ സാധാരണ യോഗ തീരുമാനം 4 (1) പ്രകാരം ടി ആവശ്യത്തിലേക്ക് ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള അനുമതി ഉണ്ടാവണമെന്നുമാണ് പരാമർശ കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലെ കോവിഡ് -19 പശ്ചാത്തലത്തിൽ നെടുമങ്ങാട് ജില്ലാ ആശുപത്രി, നെയ്യാറ്റിൻകര ജനറൽ ആശുപത്രി എന്നിവിടങ്ങളിലെ താല്ക്കാലിക ജീവനക്കാരെ ഒഴിവാക്കുന്നതിനോ, മരുന്ന് ശേഖരത്തിൽ കുറവ് വരുത്താനോ കഴിയില്ല. ആയതിനാൽ ഇതിലേക്ക് ആവശ്യമുള്ള തുക തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൻറെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**അനിൽ കുമാർ ജി**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി,തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

S. Bindu

സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്